പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2521 — 19/12/2012 - ലെ മറുപടിക്ക്

മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴിയുള്ള മരുന്ന് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ :<br>ശ്രീമതി. കെ.കെ.ലതിക :<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ.ബാബു.എം. പാലിശ്ശേരി : | (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ). സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വാങ്ങാതെ പുറത്തുനിന്നും വാങ്ങുന്നതിന് നിർദ്ദേശിക്കുന്ന ഡോക്ടർമാരുടെ നടപടികൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; | (എ). ഇല്ല. |
| (ബി). എങ്കിൽ എന്ത് നടപടിയാണ് ഇത് സംബന്ധിച്ച് കൈകൊണ്ടതെന്ന് വ്യക്തമാക്കാമോ ; | (ബി). ബാധകമല്ല. |
| (സി). മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ കെട്ടിക്കിടക്കുന്ന മരുന്നുകൾ ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതാണോ ; എങ്കിൽ ഇവ വിതരണം ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി). കോർപ്പറേഷന്റെ ജില്ലാ മരുന്ന സംഭരണ കേന്ദ്രങ്ങളിലൂടെ നിശ്ചിത ഊഷ്മാവിൽ സംഭരിക്കുന്ന വാക്സിൻ, ഇൻസുലിൻ എന്നിവ ഒഴികെയുള്ള മറ്റെല്ലാ മരുന്നുകളും കോർപ്പറേഷന്റെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വാക്സിൻ, ഇൻസുലിൻ എന്നിവ കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡി.എൻ.കസോളി പരിശോധിച്ചതിനുശേഷമാണ് പുറത്തിറങ്ങുന്നത്. 15 മുതൽ 30 ദിവസംവരെ സമയം എടുക്കുന്ന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം ഉപയോഗ്യ യോഗ്യമായ മരുന്നുകൾ ഇന്റന്റ് പ്രകാരം ആവശ്യപ്പെടുന്നതനുസരിച്ച് ആശുപത്രികൾക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ